# പത്രമുതലാളിമാർ പ്രതിസന്ധിയിൽ പുതിയ തന്ത്രങ്ങളുമായി പത്രങ്ങൾ

ഡിസ്കൗണ്ട് കാർഡ്, ഇൻഷുറൻസ് പദ്ധതി, സൗജന്യ കമ്പ്യൂട്ടർ പദ്ധതി, ലോകകപ്പ് മേള ഇപ്പോഴിതാ ശൃംഖലാ വിപണന തന്ത്രങ്ങളും. പത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കാൻ പഠിച്ച പണി പതിനെട്ടും നോക്കുകയാണ് പത്രമുതലാളിമാർ. പത്രമുത്തശ്ശിയായ 'ദീപിക'യാണ് ശൃംഖലാവിപണന തന്ത്രമായ 'ന്യൂസ് വേ'യുമായി ഇപ്പോൾ രംഗത്തെത്തിയിട്ടുള്ളത്.

തകർച്ചയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന ദീപികയെ കരകയറ്റാനാകുമോ എന്ന പ്രതീക്ഷയിലാണ് ഈയിടെ ദീപിക ഏറ്റെടുത്ത് നടത്തുന്ന അകോൺ പ്രിന്റ്‌വെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനായ ഫ്രാൻസിസ് ആലപ്പാട്ട്. 'നിങ്ങൾ ദീപിക വായിക്കുകയും മറ്റുള്ളവരെ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുമ്പോൾ വരുമാനവും ലഭിക്കുന്നു' എന്ന വാഗ്ദാനമാണ് ദീപിക നൽകുന്നത്. 1300 രൂപ കൊടുത്ത് ആറുമാസത്തേക്ക് ദീപികാ പത്രവും 600 രൂപയുടെ പരസ്യ ഡിസ്കൗണ്ട് കൂപ്പണും ലഭിക്കുന്ന അംഗം വീണ്ടും രണ്ടുപേരെ ചേർത്ത് വരുമാനമുണ്ടാക്കാമെന്നതാണ് ന്യൂസ് വേയുടെ പദ്ധതി. എന്നാൽ ഏജന്റുമാരുടെ നിസ്സഹകരണമോ നടത്തിപ്പിന്റെ ആസൂത്രണമില്ലായ്മയോ കാരണം ന്യൂസ് വേയിലെ അംഗങ്ങൾക്ക് ദീപികക്ക് പകരം പലപ്പോഴും മറ്റു പത്രങ്ങൾ ലഭിക്കാറുണ്ടത്രെ.

പത്രവില കുറച്ച് പത്രത്തിന്റെ പ്രചാരം വർദ്ധിപ്പിച്ച മംഗളം കൊച്ചി എഡിഷന്റെ തിരക്കിലാണ്. ഇതിനിടയ്ക്ക് രണ്ടുരൂപയാക്കി പത്രവില വർദ്ധിപ്പിക്കുകയും ചെയ്തു. പത്രത്തിന് ഇപ്പോൾ 1, 80, 000 കോപ്പികളുടെ പ്രചാരമുണ്ടെന്നും വെറും ആറുമാസങ്ങൾക്കുള്ളിൽ പ്രചാരത്തിൽ മൂന്നാംസ്ഥാനത്തേക്കെത്തിയെന്നും മംഗളം മാനേജിംഗ് എഡിറ്റർ അവകാശപ്പെടുന്നു. എന്തായാലും ഒന്നര രൂപയുടെ പത്രത്തെ ജനങ്ങൾ സ്വീകരിച്ച സന്തോഷത്തിലാണ് മംഗളം പ്രവർത്തകർ.

**മീഡിയാ പൾസ്**

'മ' പ്രസിദ്ധീകരണങ്ങളും സീരിയലുകളും തമ്മിലുള്ള ബന്ധത്തിന് പുതിയ നിർവചനം കൊടുക്കുകയാണ് 'മലയാള മനോരമ വാരിക'. നാളത്തെ സീരിയലുകൾ ഇന്നത്തെ നോവലായി മനോരമയിൽ വായിച്ചുകൂടെ എന്നാണ് അവരുടെ പുതിയ പരസ്യം. നോവലുകൾ സീരിയലുകളാക്കാനുള്ള ആസൂത്രിത ശ്രമങ്ങളും അതിനെ മുൻനിർത്തി പ്രചാരം വർദ്ധിപ്പിക്കാനുമുള്ള കച്ചവടക്കണ്ണിൽ മലയാളികൾ പെട്ടുപോകുന്നവത്രേ. പുതിയ പൈങ്കിളികഥകളുടെ കൂടെ സിനിമയുടെ അതിപ്രസരം തന്നെയുണ്ട് ഇപ്പോഴത്തെ വാരികകളിൽ. സിനിമാ സംവിധായകരെക്കൊണ്ട് സിനിമാ സ്ക്രിപ്റ്റ് വരെ എഴുതിക്കുന്നത്ര വളർന്നിരിക്കുന്നു നമ്മുടെ വാരികകൾ. അതുകൊണ്ടുതന്നെ മലയാള മനോരമയുടെ ഒരു സിനിമാപ്രസിദ്ധീകരണത്തിന്റെ കുറവു കൂടി വാരിക നികത്തി തരുന്നു.